എംഡിഎംഎയുമായി യുവാവ് അറസ്റ്റിൽ

റിഷാബ്

കോഴിക്കോട്● എംഡിഎംഎ കാറിൽ എത്തിച്ച് വിൽപന നടത്തുന്ന മലപ്പുറം പുളിക്കൽ സ്വദേശി റിഷാന മൻസിലിൽ റിഷാബി (32) നെ സിറ്റി നർകോട്ടിക് സെൽ എസിപി എം.എം.അബ്ദുൽ കരീംന്റെ നേതൃത്വത്തിലുള്ള ഡാൻസാഫും കുന്നമംഗലം എസിഐ ബാലു കെ.അജിത്തിന്റെ നേതൃത്വത്തിലുള്ള പൊലീസും ചേർന്ന് പിടികൂടി. പ്രതിയിൽ നിന്ന് 2.21 ഗ്രാം എംഡിഎംഎയും 50,000 രൂപയും കാറും പൊലീസ് കസ്റ്റഡിയിലെടുത്തു.

തിങ്കളാഴ്ച കുന്നമംഗലം ദേശീയപാതയിൽ പരിശോധനയ്ക്കിടെ കാറിന്റെ ഡാഷ് ബോർഡിൽ കടത്തക്കൊണ്ടു പോകുകയായിരുന്ന ലഹരി മരുന്നു പിടികൂടുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതികളെ കോടതിയിൽ ഹാജരാക്കി. എസ്ഐമാരായ ബാലു.കെ.അജിത്ത്, കെ.പി.മനോജ്, എസ്സിസിപി വിജേഷ്, പ്രജിത്ത്, മുഹമ്മദ് ഷമീർ, ഡാൻസാഫ് എസ്ഐ മനോജ് ഇടയേടത്ത്, എഎസ്ഐ അഖിലേഷ്, സിപിഒമാരായ സുനോജ്, ലതീഷ്, സരുൺ, അഭിജിത് തുടങ്ങിയവർ അന്വേഷണത്തിൽ പങ്കെടുത്തു.

ഒരു മാസം : പിടികൂടിയത് 819 പ്രതികളെ

തൂഫാൻ എന്നാ സുമ്മാവാ....

▸▸ തൂഫാൻ ദ് നർകോ ഹണ്ട് പദ്ധതി ഒരു മാസം പൂർത്തിയായി

കോഴിക്കോട്● ലഹരിക്കെതിരെ സർക്കാർ ആരംഭിച്ച തൂഫാൻ ദ് നർകോ ഹണ്ട് പദ്ധതി ഒരു മാസം പൂർത്തിയായി. വിവിധ സാംസ്കാരിക സംഘടനകളും റസിഡന്റ്സ് അസോസിയേഷനുകളും പൊലീസിനു പിന്തുണ പ്രഖ്യാപിച്ചതോടെ ജില്ലയിൽ പൊലീസ് നടത്തിയ പരിശോധനയിൽ 819 പ്രതികളെ പിടികൂടാനായി. 449 ഗ്രാം എംഡിഎംഎയും 10 കിലോഗ്രാം കഞ്ചാവും അനുബന്ധ ലഹരി മരുന്നുകളും കണ്ടെടുത്തു. പുകയില ഉൽപന്നങ്ങളുമായി 108 പേർക്കെതിരെ നടപടിയെടുത്തു.

പിടികൂടിയ ലഹരി മരുന്നുകൾക്ക് ലഹരി വിപണിയിൽ പത്തു കോടിയോളം രൂപ വില വരുമെന്ന് പൊലീസ് പറഞ്ഞു. ഇന്നുമുതൽ പൊലീസ്, എക്സൈസ്, റെയിൽവേ പൊലീസ് എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിൽ പരിശോധന തുടരും. റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ, തിരക്കുള്ള ടൗണുകൾ എന്നിവിടങ്ങളിൽ പരിശോധന ശക്തമാക്കുമെന്ന് പൊലീസ് പറഞ്ഞു. ഇന്ന് ഡിഐജിയുടെ നേതൃത്വത്തിൽ കണ്ണൂരിൽ പൊലീസ് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുന്നുണ്ട്.

സിറ്റി പൊലീസ് കമ്മിഷണർ എ.പി.ഷൗക്കത്തലിയുടെയും റൂറൽ ജില്ലാ പൊലീസ് മേധാവി മെറിൻ ജോസഫിന്റെയും നേതൃത്വത്തിൽ നടന്ന പരിശോധനയിൽ ഇന്നലെ വരെ ലഹരി മരുന്ന് വിൽപനയ്ക്കെതിരെ 797 കേസെടുത്തു. സിറ്റി പരിധിയിൽ 556 കേസിൽ 566 പ്രതികളെയും റൂറൽ ജില്ലയിൽ 241 കേസുകളിൽ 253 പ്രതികളെയും അറസ്റ്റ് ചെയ്തു.

ലഹരി പരിശോധനയ്ക്കിടെ കാറിൽ നിന്ന് ഇറങ്ങി ഓടിയ യുവാക്കൾ അറസ്റ്റിൽ

കോഴിക്കോട്● നടക്കാവ് രാരിച്ചൻ റോഡിൽ ലഹരി മരുന്നുമായി ബന്ധപ്പെട്ട് പൊലീസ് പരിശോധനയ്ക്കിടെ കാറിൽ നിന്ന് ഇറങ്ങിയോടിയ യുവതിയെയും യുവാവിനെയും 20 ദിവസത്തിനു ശേഷം മെഡിക്കൽ കോളജിനു സമീപത്തെ വീടു വളഞ്ഞു നടക്കാവ് പൊലീസ് പിടികൂടി. ബാലുശ്ശേരി നൻമണ്ട സ്വദേശി താനത്ത് വീട്ടിൽ അനന്ദു (26), പുതിയാപ്പ സ്വദേശി പണ്ടാരക്കണ്ടി താഴത്ത് വീട്ടിൽ കീർത്തന (21) എന്നിവരെയാണ് നടക്കാവ് ഇൻസ്പെക്ടർ കെ.പി.ഷൈനിന്റെ നേതൃത്വത്തിലുള്ള പൊലീസ് അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ അനന്ദു വാഹനം ഇടിച്ച് യുവതിയെ കൊലപ്പെടുത്തിയ കേസിൽ പ്രതിയാണെന്ന് പൊലീസ് പറഞ്ഞു. കീർത്തനയെ അനന്ദുവിന് പരിചയപ്പെടുത്തിയ ആൾക്കായി പൊലീസ് അന്വേഷണം വ്യാപിപ്പിച്ചു.

അനന്ദു

കീർത്തന

ഹോം സ്റ്റേയുടെ മുന്നിൽ നിർത്തിയിട്ട കാറിൽ ലഹരി മരുന്നുള്ളതായി വിവരം ലഭിച്ച് പൊലീസ് എത്തിയതോടെ ഇരുവരും കാറിൽ നിന്ന് ഇറങ്ങി ഓടുകയായിരുന്നു. കാറിൽനിന്നു വിൽപനയ്ക്കായി എത്തിച്ച 5.890 ഗ്രാം എംഡിഎംഎയും 85,100 രൂപയും കണ്ടെടുത്തു. കാറും പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു.

സൈബർ സെല്ലുമായി ചേർന്ന് നടത്തിയ പരിശോധനയിൽ മെഡിക്കൽ കോളജ് പരിസരത്തെ ഒളിത്താവളത്തിൽ എത്തിയ ഡാൻസാഫും നടക്കാവ് പൊലീസും ചേർന്ന് പിടികൂടുകയായിരുന്നു.

അനന്ദുവിന് ബാലുശ്ശേരി പൊലീസ് സ്റ്റേഷനിൽ 2022 ഏപ്രിൽ 16.16 ഗ്രാം എംഡിഎംഎയുമായി പിടിയിലായതിനും 2022 നവംബറിൽ 6.82 ഗ്രാം എംഡിഎംഎയും 7.5 ഗ്രാം കഞ്ചാവും 13.20 ഗ്രാം ഹഷീഷ് ഓയിലുമായി പിടിയിലായതിനും 2024 ൽ 18.504 ഗ്രാം എംഡിഎംഎയും, ലഹരി മരുന്ന് വിൽപന നടത്തി കിട്ടിയ 20,000 രൂപയും സഹിതം പിടിയിലായതിനും വാഹനം ഇടിച്ച് യുവതിയെ കൊലപ്പെടുത്തിയതിനും കേസുകൾ നിലവിലുണ്ട്.

പിടിയിലായ കീർത്തന നഗരത്തിൽ മുറി വാടകയ്ക്കെടുത്ത് യുവാക്കളെ വിളിച്ചുവരുത്തി എംഡിഎംഎ വിൽപന നടത്തുന്ന പ്രതിയാണെന്നു പൊലീസ് പറഞ്ഞു. നടക്കാവ് എസ്ഐ എസ്.കിരൺ, സീനിയർ സിവിൽ പൊലീസ് ഓഫിസർമാരായ രാകേഷ്, രജീഷ്, അജീഷ്, സാജിക്ക്, ഡാൻസാഫ് എസ്ഐ മനോജ് ഇടയേടത്ത്, എഎസ്ഐ അഖിലേഷ്, സിപിഒമാരായ സുനോജ്, ലതീഷ്, സരുൺ, അഭിജിത്, തൗഫീഖ് തുടങ്ങിയവരും അന്വേഷണത്തിൽ പങ്കെടുത്തു. പ്രതികളെ കോടതിയിൽ ഹാജരാക്കി.

പഞ്ചാബ് നാഷണൽ ബാങ്ക punjab national bank ...भरोसे का प्रतीक ! ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂരിഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് (1) ശ്രീ. ബിനീഷ് പള്ളിക്ക് താഴത്ത് കുഞ്ഞിതൈയ്യുള്ളതിൽ വീട്, കോതോട്, മൊയിലോത്തറ പി.ഒ, കോഴിക്കോട്- 673513 (2) ശ്രീമതി. ബിജി കെ. ടി, കുഞ്ഞിതൈയ്യുള്ളതിൽ വീട് കോതോട്, മൊയിലോത്തറ പി.ഒ, കോഴിക്കോട്- 673513	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, തിനൂർ ദേശത്ത്, നരിപ്പറ്റ വില്ലേജിൽ, റീ. സർവ്വേ നം. 54 ൽ പെട്ട ശ്രീ.ബിനീഷ് പള്ളിക്ക് താഴത്ത് & ശ്രീമതി.ബിജി കെ.ടി എന്നിവരുടെ പേരിലുള്ള 4.05 ആർസ് (10 സെന്റ്) സ്ഥലവും അതിലിരിപ്താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: തന്നിൽ ശേഷം, **തെക്ക്**: തന്നിൽ ശേഷവും സ്വകാര്യ റോഡും, **പടിഞ്ഞാറ്**: മാവുള്ള പറമ്പത്ത് ജയേഷ് കൈവശം സ്ഥലം, **വടക്ക്**: അനന്തൻ കൈവശം സ്ഥലം.	(എ) 07.06.2024 (ബി) 31.05.2026 ലെ രൂപ 25,70,676.66 യും 01.06.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 17.09.2024 (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ 28.00 (ബി) രൂപ 2.80 (സി) രൂപ 0.10
2	ശാഖ: ARMB കോഴിക്കോട് (1) M/s ഗസ്സാസ് ഗ്ലോബൽ ആഡ് വിഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, പ്രതിനിധീകരിച്ച് എം.ഡി. അജു അബ്ദുൾ റഹ്മാൻ, 41/2299, 3-ാം നില, മലബാർ ഗെയിറ്റ്, റാം മോഹൻ റോഡ്, കോഴിക്കോട്- 673004 (2) ശ്രീ. അജു അബ്ദുൾ റഹ്മാൻ (വായ്പക്കാരൻ), S/o കുഞ്ഞലവി, ഗ്രീൻസ്, പേട്ട, ഫറോക്ക് പി.ഒ, കോഴിക്കോട്- 671631 (3) ശ്രീ. ഫൈസൽ എം. ടി. (വായ്പക്കാരൻ), S/o കുട്ടാലി.പി, ലൈല മൻസിൽ, കണ്ണൻകര, ചേളന്നൂർ, കോഴിക്കോട്- 673616, (4) ശ്രീമതി. നബീസ ഉമ (ജാമ്യക്കാരി), W/o കുട്ടാലി, ലൈല മൻസിൽ, കണ്ണൻകര, ചേളന്നൂർ, കോഴിക്കോട്- 673616, (5) ശ്രീ. കുട്ടാലി . പി (ജാമ്യക്കാരൻ), ലൈല മൻസിൽ, കണ്ണൻകര, ചേളന്നൂർ, കോഴിക്കോട്- 673616	**വസ്തു നം.1**: കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, നഗരം വില്ലേജിൽ, റീ സർവേ നം. 7.1.13/2 ൽ പെട്ട M/s ഗസ്സാസ് ഗ്ലോബൽ ആഡ് വിഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 7.70 സെന്റ് (3.12 ആർസ്) വാണിജ്യയോഗ്യമായ തരിശായ സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: ലൈയിൻ; **തെക്ക്**: നടവഴി; **പടിഞ്ഞാറ്**: റെയിൽവെ വക വസ്തു; **വടക്ക്**: സി.എച്ച് ഓവർ ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ്. **വസ്തു നം. 2**: കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കണ്ണങ്കര ദേശത്ത്, ചേളന്നൂർ വില്ലേജിൽ ശ്രീ.ഫൈസൽ എം.ടി.എന്നയാളുടെ പേരിലുള്ള സർവേ നം. 34/1 & റീ.സർവേ നം. 68/1 (കൈവശ സർട്ടിഫിക്കറ്റ് പ്രകാരം റീ.സർവേ നം.75/7) ൽ പെട്ട 20.27 സെന്റ് (8.207 ആർസ്) സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: ദാസൻ കൈവശം വസ്തു; **തെക്ക്**: 3 അടി വീതിയുള്ള നടവഴി; **പടിഞ്ഞാറ്**: സാബിറ കൈവശം വസ്തു, **വടക്ക്**: കുഞ്ഞിമൊയ്തീൻ കൈവശം വസ്തു. **വസ്തു നം. 3**: കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കണ്ണങ്കര അംശത്ത്, ഇച്ചണ്ണൂർ ദേശത്ത്, ചേളന്നൂർ വില്ലേജിൽ ശ്രീ.കുട്ടാലിയുടെ പേരിലുള്ള സർവേ നം. 32/1 & റീ.സർവേ നം. 75/7 ൽ പെട്ട 10.00 സെന്റ് (4.04 ആർസ്) സ്ഥലവും കെട്ടിടവും (പൊളിഞ്ഞ അവസ്ഥ) സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: നബീസ കൈവശം വസ്തു; **തെക്ക്**: നബീസ കൈവശം വസ്തു; **പടിഞ്ഞാറ്**: നബീസ കൈവശം വസ്തു, **വടക്ക്**: റോഡ്. **വസ്തു നം. 4**: കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, കണ്ണങ്കര അംശത്ത്, ഇച്ചണ്ണൂർ ദേശത്ത്, ചേളന്നൂർ വില്ലേജിൽ ശ്രീമതി.നബീസ ഉമയുടെ പേരിലുള്ള സർവേ നം. 32/1 & റീ.സർവേ നം. 75/3,7 ൽ പെട്ട 77.50 സെന്റ് (31.38 ആർസ്) സ്ഥലവും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: ഹാജിറ കൈവശം വസ്തു; **തെക്ക്**: ചന്ദ്രപ്പൻ & മറ്റൊരാൾ കൈവശം വസ്തു; **പടിഞ്ഞാറ്**: ഫൈസൽ & പ്രേമൻ കൈവശം വസ്തു, **വടക്ക്**: റോഡ്.	(എ) 08-11-2016 (ബി) 31-05-2026 ലെ രൂപ 7,71,85,091.52 യും 01-06-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 27-02-2017 (ഡി) പ്രതീകാത്മക കൈവശം	വസ്തു നം. 1 (എ) രൂപ 64.80 (ബി) രൂപ 6.48 (സി) രൂപ 0.10 വസ്തു നം. 2 (എ) രൂപ 12.15 (ബി) രൂപ 1.215 (സി) രൂപ 0.10 വസ്തു നം. 3 (എ) രൂപ 15.50 (ബി) രൂപ 1.55 (സി) രൂപ 0.10 വസ്തു നം. 4 (എ) രൂപ 168.00 (ബി) രൂപ 16.80 (സി) രൂപ 0.10
3	ശാഖ: ARMB കോഴിക്കോട് (1) M/s എ വി മാർക്കറ്റിംഗ് പ്രൊപ്രൈറ്റർ: ശ്രീ. മുഹമ്മദ് അബ്ദുറഹ്മാൻ എ.വി 5/2932 D 12, C D ടവർ, ബേബി മെമ്മോറിയൽ ഹോസ്പിറ്റലിന് സമീപം, മിനി ബൈപാസ് റോഡ്, കോഴിക്കോട് - 673004 (2) ശ്രീ. മുഹമ്മദ് അബ്ദുറഹ്മാൻ എ. വി (പ്രൊപ്രൈറ്റർ: M/s എ വി മാർക്കറ്റിംഗ് & ജാമ്യക്കാരൻ) S/o അബ്ദുള്ള, ഇടവത്തേരി ഹൗസ്, കീഴരിയൂർ പി.ഒ, കൊയിലാണ്ടി, കോഴിക്കോട് - 673307, (3) ശ്രീ. മുഹമ്മദ് അബ്ദുറഹ്മാൻ എ. വി, S/o എ വി അബ്ദുള്ള, ഹൈലൈറ്റ് ക്ലിഫ്ഡെയ്ൽ, അബ്ദുൾ അസീസ് ാംടൺ റോഡ്, പുതിയറ, കോഴിക്കോട് കേരളം - 673004, (4) ശ്രീമതി. നിഷിയാ ഇല്യാസ്, (ജാമ്യക്കാരി) W/o ഇല്യാസ് പി.കെ, പാണിക്കാടവത്ത്, കോട്ടൂമ റോഡ്, കാരത്തോട്, ഊരകം മേൽമുറി മലപ്പുറം - 676519, (5) ശ്രീമതി. നഷാത്ത് എ. വി (ജാമ്യക്കാരി), W/o അഹമ്മദ് അരീക്കാട്, അരീക്കാട് വീട്, കുറുപത്ത്, നെടിയിരുപ്പ്, കൊണ്ടോട്ടി, മലപ്പുറം - 673638	കോഴിക്കോട് ജില്ലയിൽ, കൊയിലാണ്ടി താലൂക്കിൽ, നരക്കോട് ദേശത്ത്, കൊഴുക്കല്ലൂർ വില്ലേജ് & അംശത്ത്, റീ സർവേ നം. 13/9, സർവേ നം. 16/5 ൽ പെട്ട ശ്രീ.മുഹമ്മദ് അബ്ദുറഹിമാൻ എ.വി, ശ്രീമതി.നിഷിയ ഇല്യാസ് & ശ്രീമതി.നഷാത്ത് എ.വി. എന്നിവരുടെ പേരിലുള്ള 67.20 ആർസ് (166.05 സെന്റ്) സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: നാഗപ്പള്ളി പറമ്പും നാഗപ്പള്ളി കുളപറമ്പും, **വടക്ക്**: നാഗപ്പള്ളി മീത്തലും കൈമക്കണ്ടിയും പറമ്പുകൾ, **പടിഞ്ഞാറ്**: മഠത്തിൽ പൊയിൽ നിലവും പുതുകുടിക്കണ്ടി പറമ്പും, **തെക്ക്**: നാഗപ്പള്ളി പൊയിൽ നിലവും തന്നിൽ കുനിയും.	(എ) 07-06-2021 (ബി) 31-05-2026 ലെ രൂപ 4,15,37,206.31 യും 01-06-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 24-11-2021 (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ 143.4 (ബി) രൂപ 14.34 (സി) രൂപ 0.10
4	ശാഖ: ARMB കോഴിക്കോട് ശ്രീ. കിഴക്കയിൽ അരവിന്ദാക്ഷൻ, ശ്രീമതി. ജെസ്സി മണപ്പാട്ടി, (സഹ വായ്പക്കാരി) ശ്രീ. അരുൺ അരവിന്ദ് (സഹ വായ്പക്കാരൻ) എല്ലാവരും താമസം: അൽജുന ചന്ദ്രകാന്തി, വില്യാപ്പള്ളി വടകര, കോഴിക്കോട്- 673542.	കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ, തിരുമന ദേശം & വില്യാപ്പള്ളി അംശത്തിൽ വില്യാപ്പള്ളി വില്ലേജിൽ, റീ.സർവ്വേ നം. 51/5ൽ പെട്ട ശ്രീ.അരവിന്ദാക്ഷൻ, ശ്രീമതി.ജെസ്സി മണപ്പാട്ടി & ശ്രീ.അരുൺ അരവിന്ദ് എന്നിവരുടെ പേരിലുള്ള 20.30 ആർസ് (50.10 സെന്റ്) [9.81 ആർസ് + 1.41 ആർസ് + 1.19 ആർസ് + 5.66 ആർസ് + 1.30 ആർസ് + 0.92 ആർസ് = 20.30 ആർസ്] സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: (ഐറ്റം നം. 1: 9. 81 ആർസ്): താക്ക് – 1: കിഴക്ക്**: പാറപ്രദേശം; **വടക്ക്**: ഇതിൽ 2 - ാം താക്കിലെ ബാക്കി ഭാഗം, **പടിഞ്ഞാറ്**: വസ്തുവിന്റെ ബാക്കി ഭാഗം; **തെക്ക്**: വസ്തുവിന്റെ ബാക്കി ഭാഗം. **താക്ക് – 2: കിഴക്ക്**: പാറപ്രദേശം; **വടക്ക്**: ഇതിൽ ഐറ്റം നം.2 ലെ ബാക്കി ഭാഗം, **പടിഞ്ഞാറ്**: ഇതിൽ ഐറ്റം നം.1 വസ്തുവിലെ ബാക്കി ഭാഗം,**തെക്ക്**: ഇതിലെ 1 - ാം താക്കിലെ വസ്തുവിന്റെ ബാക്കി ഭാഗം. **(ഐറ്റം നം. 2: 1. 41 ആർസ്): കിഴക്ക്**: പാറപ്രദേശം; **വടക്ക്**: ഇതിൽ ഐറ്റം നം.3 ലെ ബാക്കി ഭാഗം, **പടിഞ്ഞാറ്**: ഭാഗധാരത്തിലെ ബി പട്ടികയിലെ ഐറ്റം നം.2 ലെ 2 - ാം താക്കിലെ ബാക്കി ഭാഗം; **തെക്ക്**: ഐറ്റം നം.1 വസ്തുവിലെ 2 - ാം താക്കിലെ ബാക്കി ഭാഗം. **(ഐറ്റം നം. 3: 1.19 ആർസ്): കിഴക്ക്**: പാറപ്രദേശം; **വടക്ക്**: പാറപ്രദേശം & 6 അടി വീതിയുള്ള സ്വകാര്യ റോഡ്, **പടിഞ്ഞാറ്**: ഭാഗധാരത്തിലെ ബി പട്ടികയിലെ ഐറ്റം നം.3 ലെ ബാക്കി ഭാഗം; **തെക്ക്**: ഇതിൽ ഐറ്റം നം.2 ലെ ബാക്കി ഭാഗം. **(ഐറ്റം നം. 4: 5. 66 ആർസ്): കിഴക്ക്**: ഭാഗധാരത്തിലെ സി പട്ടികയിലെ ഐറ്റം നം.1 ലെ 2 - ാം താക്കിലെ ബാക്കി ഭാഗം; **വടക്ക്**: ഇതിലെ ഐറ്റം നമ്പർ 2 - ന്റെ ബാക്കി ഭാഗവും അനുവദിച്ച വസ്തുവും, **പടിഞ്ഞാറ്**: ചെറിയ മടപ്പള്ളി പറമ്പ്; **തെക്ക്**: സദാനന്ദന് അനുവദിച്ച വസ്തുവിന്റെ ബാക്കി ഭാഗം. **(ഐറ്റം നം. 5: 1.30 ആർസ്): കിഴക്ക്**: ഭാഗധാരത്തിലെ സി പട്ടികയിലെ ഐറ്റം നം.2 ലെ ബാക്കി ഭാഗം; **വടക്ക്**: ഐറ്റം നമ്പർ 3 - ന്റെ ബാക്കി ഭാഗവും മറ്റുള്ളവർ കൈവശം വസ്തുവും, **പടിഞ്ഞാറ്**: പീതാംബരന് അനുവദിച്ച വസ്തുവിന്റെ ബാക്കി ഭാഗം. **തെക്ക്**: ഐറ്റം നം.1 ലെ ബാക്കി ഭാഗം. **(ഐറ്റം നം. 6: 0. 92 ആർസ്): കിഴക്ക്**: സി പട്ടികയിലെ ഐറ്റം നം.3 ലെ ബാക്കി ഭാഗം; **വടക്ക്**: പാറപ്രദേശം, **പടിഞ്ഞാറ്**: മറ്റുള്ളവർ കൈവശം വസ്തുവിന്റെ ബാക്കി ഭാഗം, **തെക്ക്**: ഇതിൽ ഐറ്റം നം.2 ലെ ബാക്കി ഭാഗം.	(എ) 27.09.2017 (ബി) 31-05-2026 ലെ രൂപ 2,51,80,162.83 യും 01-06-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 25-07-2018 (ഡി) പ്രത്യക്ഷ കൈവശം	(എ) രൂപ 77.4 (ബി) രൂപ 7.74 (സി) രൂപ 0.10
5	ശാഖ: ARMB കോഴിക്കോട് M/s അലേന കൺസ്ട്രക്ഷൻ & ഇന്റീരിയർ പ്രൊപ്രൈറ്റിക്സ്: ശ്രീമതി.സരസ്വതി, ഡോർ നം.14/191, മുല്ലപ്പള്ളി ഹൗസ്, കച്ചേരിക്കുന്ന്, മാവൂർ പി.ഒ - 673661 ശ്രീമതി. സരസ്വതി. എൻ, ശ്രീ. അമിത് നായർ (ജാമ്യക്കാരൻ), S/o രാമകൃഷ്ണൻ നായർ, ശ്രീമതി. അശ്വതി നായർ (ജാമ്യക്കാരി), എല്ലാവരും താമസം: 14/191, മുല്ലപ്പള്ളി ഹൗസ്, കച്ചേരിക്കുന്ന്, മാവൂർ പി.ഒ - 673661	കോഴിക്കോട് ജില്ല, കൊയിലാണ്ടി താലൂക്കിൽ, അവിടനല്ലൂർ വില്ലേജിൽ, അവിടനല്ലൂർ അംശത്തിൽ, വാകയാട് ദേശത്തിൽ, റീ സർവ്വേ നം. 136/3- ൽ പെട്ട ശ്രീ.അമിത് നായരുടെ ഉടമസ്ഥതയിലുള്ള 8 സെന്റ് (3.24 ആർസ്) സ്ഥലവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്**: മുമ്പ് തീറു വിറ്റ സ്ഥലം ; **തെക്ക്**: മണ്ണ് നിരത്ത് 3 മീറ്റർ വീതിയിൽ മാത്രം; **കിഴക്ക്**: തന്നിൽശേഷം നാരായണൻ കൈവശം; **പടിഞ്ഞാറ്**: അമ്മ്കുട്ടി കൈവശം	(എ) 10-03-2020 (പ്രസിദ്ധീകരിച്ച തീയതി: 10-06-2022) (ബി) 30-05-2026 ലെ രൂപ 51,31,744.46 യും 01-06-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 02-09-2022 (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ 4.86 (ബി) രൂപ 0.486 (സി) രൂപ 0.10
6	ശാഖ: ARMB കോഴിക്കോട് ശ്രീ. സുനിൽകുമാർ വി എൻ കെ, വണ്ണാരത്ത് ഹൗസ്, പുറമേരി പി.ഒ, കക്കട്ടിൽ വഴി, വടകര, കോഴിക്കോട്- 673503, ശ്രീമതി. രാധ ഒ.പി, M/o സുനിൽകുമാർ വി എൻ കെ, വണ്ണാരത്ത് ഹൗസ്, പുറമേരി പി.ഒ, കക്കട്ടിൽ വഴി, വടകര, കോഴിക്കോട്- 673503, സിന്ധു വി എൻ കെ, കുളങ്ങരത്ത് ഹൗസ്, വി.ഒ. റോഡ്, വടകര, കോഴിക്കോട്- 673101, ശ്രീമതി. സുചിത്ര വി എൻ കെ, W/o ശ്രീ. സുരേഷ്കുമാർ.ടി, തറമ്മൽ ഹൗസ് തിനൂർ പി.ഒ, കക്കട്ടിൽ (വഴി), വടകര, കോഴിക്കോട്- 673507, ശ്രീ. സുരേഷ്കുമാർ.ടി, തറമ്മൽ ഹൗസ് തിനൂർ പി.ഒ, കക്കട്ടിൽ (വഴി), വടകര, കോഴിക്കോട്- 673507	കോഴിക്കോട് ജില്ലയിൽ, വടകര താലൂക്കിൽ, പുറമേരി വില്ലേജിൽ, പുറമേരി അംശം & ദേശത്ത് റീ. സർവ്വേ നം. 7/19ൽ പെട്ട ശ്രീ. സുനിൽകുമാർ വി.എൻ.കെ, ശ്രീമതി. രാധ ഒ.പി, സുചിത്ര വി.എൻ.കെ. & ശ്രീമതി. സിന്ധു വി.എൻ.കെ. എന്നിവരുടെ പേരിലുള്ള 10.75 സെന്റ് (4.353 ആർസ്) സ്ഥലവും അതിലിരിപ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: തന്നിൽ ശേഷം ഭാഗകരാറിലെ ജി പട്ടികയിലെ 3 താക്ക്, **തെക്ക്**: തന്നിൽ ശേഷം എ പട്ടികയിലെ സ്ഥലം, **പടിഞ്ഞാറ്**: കിഴക്കെ തോട്ടോളി പറമ്പ്, **വടക്ക്**: തന്നിൽ ശേഷം ഭാഗകരാറിലെ ഡി പട്ടികയിലെ സ്ഥലം.	(എ) 07-05-2024 (ബി) 31-05-2026 ലെ രൂപ 32,54,654.01 യും 01-06-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 26.09.2024 (ഡി) പ്രതീകാത്മക കൈവശം